**Lalith Babu**

# കുടുംബം

ചില ഫയലുകളിൽ തീരുമാനങ്ങൾ എടുക്കുന്നതിനും ചിലപ്പോൾ കുടുംബത്തിന്റെ നിർവചനം പരിശോധിക്കേണ്ടതായി വരാറുണ്ട്. എന്നാൽ കുടുംബം എന്നതിന് പൊതുവായി സ്വീകരിക്കാവുന്ന നിർവചനം അടങ്ങിയ ഒരു നിയമം ഇല്ല. വിഷയം അനുസരിച്ച് കുടുംബത്തിന്റെ നിർവചനം മാറിക്കൊണ്ടിരിക്കും

ഉദാ:- കേരള ഭൂപരിഷ്കരണ നിയമത്തിലെ നിർവചന പ്രകാരം കുടുംബം എന്നത് ***"ഭർത്താവും ഭാര്യയും അവിവാഹിതരും പ്രായപൂർത്തി എത്താത്തവരുമായ അവരുടെ കുട്ടികളും അഥവാ അവരിൽ ജീവിച്ചിരിപ്പുള്ളവരും"*** എന്നാകുന്നു - { വകുപ്പ് 2(14) }

എന്നാൽ വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ട ആവശ്യത്തിലേക്കായി കുടുംബത്തിന്റെ വരുമാനം നിർണയിക്കുന്ന അവസരത്തിൽ കുടുംബം എന്ന പദത്തിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു :

***അപേക്ഷകൻ, മാതാപിതാക്കൾ /രക്ഷാകർത്താവ് അവിവാഹിതരായ സഹോദരന്മാരും സഹോദരിമാരും /അതേ വീട്ടിൽ തന്നെ ഒരുമിച്ച് താമസിക്കുന്ന ആശ്രിതരും അവിവാഹിതരുമായ പുത്രന്മാരും പുത്രിമാരും, യഥാർത്ഥമായും കുടുംബത്തെ ആശ്രയിച്ച് കഴിയുന്ന വിധവകളായ പുത്രിമാരും ഉൾപ്പെടുന്നു.***

**G.O (MS) 192/85/RD Dated, 23/03/1985 & GO(P)160/13/RD Dated:25/04/2013**

കേരള ജനറൽ പ്രോവിഡന്റ് ഫണ്ട് ചട്ട പ്രകാരമുള്ള കുടുംബാംഗങ്ങൾ താഴെ പറയുന്നവരാണ്

**"family" means the family of the subscriber, which in includes,—**

**(i) wife-in the case of a male subscriber; (ii) husband-in the case of female subscriber; (iii) minor sons; (iv) unmarried/widowed/divorced daughters; (v) major sons (sons who have attained legal majority); (vi) married daughters; (vii) father (includes adoptive also); (viii) mother (includes adoptive also); (ix) minor brother; (x) unmarried sisters; (xi) children of a predeceased son or daughter; and (xii) paternal grandparents.**

**(THE GENERAL PROVIDENT FUND (KERALA) RULES Rule 2(c) )**